**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2047** **12-09-2023 - ൽ മറുപടിയ്ക്ക്**

**മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര കർഷകർക്ക് ഗുണമേന്മയുള്ള പശുക്കളെ നൽകി ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | നടപ്പിലാക്കി വരുന്നുണ്ട്. ക്ഷീരകർഷകർക്ക് ഗുണമേന്മയുള്ള പശുക്കളെ ഇതര സംസ്ഥാനങ്ങളിൽ നിന്നും, കിടാരി പാർക്കുകൾ/ സർക്കാർ ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും ക്ഷീരവികസന വകുപ്പിന്റെ ധനസഹായത്തോട്ടു കൂടി ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (MSDP) പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം കർഷകരുടെ അപേക്ഷ പരിശോധിച്ച് രണ്ട് പശു, അഞ്ച് പശു യൂണിറ്റ് പദ്ധതികളും കറവയന്ത്രം, ശാസ്ത്രീയ കാലിത്തൊഴുത്ത്, ക്ഷീര കർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി എന്നിവയും പദ്ധതിയിലുണ്ട്. |
| (ബി) | മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി.) പ്രകാരം ചാത്തന്നൂർ മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കൊട്ടാരക്കര ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിൽ ഉൾപ്പെട്ട പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ ക്ഷീരവികസന വകുപ്പിന്റെ വിവിധ പദ്ധതികളായ 5 പശു യൂണിറ്റ്, കോമ്പോസിറ്റ് (3+2 & 1+1)പശു യൂണിറ്റ്, 2 പശു യൂണിറ്റ് കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം, അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, അന്തരീക്ഷ വ്യതിയാനം മൂലമുണ്ടാകുന്ന സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള ഘടകങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം എന്നീ ഘടകങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ട 103 ക്ഷീരകർഷകർക്കായി ആകെ 52,38,300/- രൂപ ധനസഹായമായ ക്ഷീരവികസന വകുപ്പ് കൊട്ടാരക്കര യൂണിറ്റിൽ നിന്നും വിതരണം ചെയ്തിട്ടുള്ളതാണ്. 2020-21 മുതൽ നാളിതുവരെ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിൽ MSDP (കൺവെൻഷണൽ), MSDP ക്ഷീരഗ്രാമം എന്നീ പദ്ധതികളിലായി 115 കർഷകർക്ക് 59,68,210/- |

രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുള്ളതാണ്. അങ്ങനെ ആകെ 2021 മുതൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ 218 കർഷകർക്കായി 1,12,06,510 ( ഒരു കോടി പന്ത്രണ്ട് ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി പത്ത് രൂപ മാത്രം) രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനം തുടർന്നു വരുന്നു.

2021 മുതൽ ചാത്തന്നൂർ ബ്ലോക്കിൽ MSDP പദ്ധതി പ്രകാരം നടപ്പിലാക്കിയവ

2020-21 വർഷം MSDP പദ്ധതിയിൽ ഉൾപ്പെടുത്തി 15 ക്ഷീരകർഷകർക്കായി 12,56,500/ രൂപയുടെ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

1 പശു യൂണിറ്റ് ( 2 Nos @ 35000 ) = 70000

നാടൻ പശു യൂണിറ്റ് (1 Nos @ 36500 ) = 36500

2 പശു യൂണിറ്റ് ( 2 Nos @ 69000 ) = 138000

(1+1 കോമ്പോസിറ്റ് യൂണിറ്റ് ( 1 Nos ) = 53000

(3+2 കോമ്പോസിറ്റ് യൂണിറ്റ് ( 1 Nos ) = 150000

(6+4 കോമ്പോസിറ്റ് യൂണിറ്റ് ( 2 Nos ) = 584000

കറവയന്ത്രം (3 Nos @ 25000) = 75000

അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി

(2 Nos @ 50000) = 100000

കാലിത്തൊഴുത്ത് നിർമ്മാണം (1 Nos) = 50000

2021-22 വർഷം MSDP പദ്ധതിയിൽ ഉൾപ്പെടുത്തി 45 ക്ഷീരകർഷകർക്കായി 19,78,500/- രൂപയുടെ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

1 പശു യൂണിറ്റ് ( 15 Nos) = 525000

നാടൻ പശു യൂണിറ്റ് (1 Nos) = 36500

2 പശു യൂണിറ്റ് ( 9 Nos) = 621000

(1+1 കോമ്പോസിറ്റ് യൂണിറ്റ് (2 Nos) = 106000

(3+2 കോമ്പോസിറ്റ് യൂണിറ്റ് ( 1 Nos ) = 150000

കറവയന്ത്രം (3 Nos) = 90000

അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി

(10 Nos) = 250000

| | | | |
|---|---|---|---|
| | | | കാലിത്തൊഴുത്ത് നിർമ്മാണം (4 Nos) = 200000<br><br>2022-23 വർഷം MSDP, ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 55 പേർക്ക് 27,33,210/- രൂപയുടെ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.<br><br>MSDP (കൺവെൻഷണൽ)<br><br>2 പശു യൂണിറ്റ് ( 4 Nos) = 1,86,000<br><br>5 പശു യൂണിറ്റ് ( 2 Nos) = 2,64,000<br><br>കറവയന്ത്രം (3 Nos) = 90000<br><br>Mechanisation & modernization( 4 Nos) = 200000<br><br>കാലിത്തൊഴുത്ത് നിർമ്മാണം (3 Nos) = 150000<br><br>സ്പെഷ്യൽ ബൂസ്റ്റർ പ്രോഗ്രാം = 130210<br><br>MSDP (ക്ഷീരഗ്രാമം )<br><br>2 പശു യൂണിറ്റ് ( 16 Nos) = 7,44,000<br><br>5 പശു യൂണിറ്റ് ( 2 Nos) = 2,64,000<br><br>കറവയന്ത്രം (4 Nos) = 1,20,000<br><br>Assistance for progressive dairy farmers (17 Nos) = 5,85,000 |

സെക്ഷൻ ഓഫീസർ